# Visit of Secretary (CPV & OIA) to the Kingdom of Morocco (22-25 November 2022)

November 27, 2022

---

**മൊറോക്കോയിലേക്കുള്ള സെക്രട്ടറി (സി പി വി &ഒ ഐ എ ) യുടെ സന്ദർശനം (2022 നവംബർ 22-25)**

നവംബർ 27, 2022

1. വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി (സിപിവി & ഒഐഎ) ഡോ. ഔസാഫ് സയീദ് 2022 നവംബർ 22 മുതൽ 25 വരെ മൊറോക്കോ സന്ദർശിച്ചു.

2. സന്ദർശന വേളയിൽ, 2022 നവംബർ 22-23 തീയതികളിൽ ഫെസിൽ നടന്ന യുഎൻ അലയൻസ് ഓഫ് സിവിലൈസേഷന്റെ (UNAOC) 9-ാമത് ഗ്ലോബൽ ഫോറത്തിൽ സെക്രട്ടറി (സിപിവി &ഒഐഎ) ഇന്ത്യയെ പ്രതിനിധീകരിച്ചു.

3. റബാത്തിൽ, സെക്രട്ടറി (സിപിവി &ഒഐഎ) മൊറോക്കോയുടെ ഊർജ പരിവർത്തന, സുസ്ഥിര വികസന മന്ത്രി ശ്രീമതി ലീലാ ബെനാലിയുമായി കൂടികാഴ്ച നടത്തുകയും , ഇരു രാജ്യങ്ങളും തമ്മിലുള്ള രാസവളം, പുനരുപയോഗ ഊർജം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ മേഖലകളിലെ സഹകരണം ചർച്ച ചെയ്യുകയും ചെയ്തു.

4. ഇന്ത്യ-മൊറോക്കോ ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകളുടെ അഞ്ചാം റൗണ്ടിലും അദ്ദേഹം സഹ-അധ്യക്ഷനായിരുന്നു, ഈ സമയത്ത് പരസ്പര താൽപ്പര്യമുള്ള ഉഭയകക്ഷി, പ്രാദേശിക, ആഗോള വിഷയങ്ങൾ ചർച്ച ചെയ്തു. ഇന്ത്യയും മൊറോക്കോയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം ഇപ്പോൾ എക്കാലത്തെയും ഉയർന്ന നിലയിലാണ് (2021-22 ൽ 3.2 ബില്യൺ ഡോളർ). മൊറോക്കോയിൽ വിവിധ മേഖലകളിൽ 40 ഇന്ത്യൻ കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഐ ടി ഇ സി ഉൾപ്പെടെയുള്ള ഞങ്ങളുടെ നൈപുണ്യ വികസന പ്രോഗ്രാമുകളിൽ നിന്ന് മൊറോക്കോയിൽ നിന്നുള്ള ഗണ്യമായ എണ്ണം ഉദ്യോഗാർത്ഥികൾ പ്രയോജനം നേടുന്നു.സാമ്പത്തിക ഇടപഴകലിന്റെ നിലവാരവും

ജനങ്ങളുമായുള്ള കൈമാറ്റവും വർദ്ധിപ്പിക്കാൻ ഇരുപക്ഷവും താൽപ്പര്യപ്പെടുന്നു.

5. സെക്രട്ടറി (സി പി വി &ഒ ഐ എ ) ഇന്ത്യൻ സമൂഹം, ഇന്ത്യൻ ബിസിനസ്സ് നേതാക്കൾ, മൊറോക്കോയിൽ നിന്നുള്ള ഐ ടി ഇ സി പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുമായും ആശയവിനിമയം നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സൗഹൃദ ബന്ധത്തിന് ഈ സന്ദർശനം കൂടുതൽ ഊർജം പകർന്നു.

**ന്യൂ ഡെൽഹി**
**നവംബർ 27, 20222**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.